പതിമൂന്നാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1921 17/12/2012 - ൽ മറുപടിക്ക്

## ഗ്ലൂക്കോസെമിൻ ഫാക്ടറി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി. സുധാകരൻ: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) പുന്നപ്ര-പറവൂർ നിർമ്മിക്കുന്ന ഗ്ലൂക്കോസെമിൻ ഫാക്ടറിയുടെ പ്രവർത്തനം എന്ന് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്; അറിയിക്കാമോ; | (എ) അടുത്ത സാമ്പത്തിക വർഷം ഗ്ലൂക്കോസമിൻ ഫാക്ടറിയുടെ പ്രവർത്തനം തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) ഫാക്ടറി നിർമ്മാണം എന്നു പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) ഫാക്ടറി നിർമ്മാണം അടുത്ത സാമ്പത്തിക വർഷം ആദ്യ പകുതിയിൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) ഫാക്ടറി നിർമ്മാണ പ്രവർത്തനം നിലച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ; | (സി) ഉണ്ട്. പ്രവർത്തികൾക്കായി ഉപയോഗിച്ച ചില നിർമ്മാണ സാധന സാമഗ്രികളുടെ ഗുണനിലവാരം സംബന്ധിച്ച് സംശയം ഉന്നയിച്ചതിനെത്തുടർന്ന് ഗുണനിലവാര പരിശോധന നടത്തിക്കുകയും ഇത് സംബന്ധിച്ച് സാങ്കേതിക വിദഗ്ധരെ ക്കൊണ്ട് അന്വേഷണം നടത്തി. ടി പ്രവർത്തിയിൽ ഗുണനിലവാരമില്ലാത്ത സാധനങ്ങൾ ഉപയോഗിച്ചതായി കണ്ടെത്താത്തതിനാലും നിർമ്മാണത്തിന്റെ ഉറപ്പിൽ ആശങ്കപ്പെടേണ്ട കാര്യങ്ങളൊന്നും ഇല്ലാത്തതിനാലും തുടർ നടപടികൾ അവസാനിപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) പ്രവൃത്തിയുടെ അടങ്കൽ തുക എത്ര, ആരാണ് കരാറുകാർ എന്നിവ വ്യക്തമാക്കുമോ? | (ഡി) പ്രവൃത്തികളുടെ അടങ്കൽ തുക - 292,01,411 രൂപയാണ്. സിവിൽ കോൺട്രാക്ടർ ശ്രീ. ജെ. അബ്ദുൾ വാഹിദ്, പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർ കുരുടന്റെയ്യത്ത്, തഴവ, കരുനാഗപ്പള്ളി, കൊല്ലം ജില്ല ആണ് കരാറുകാരൻ. |

സെക്ഷൻ ഓഫീസർ